# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പത്തനംതിട്ട മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**

**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAPTA/ P2/136/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 19/03/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പത്തനംതിട്ട മുനിസിപ്പാലിറ്റി

സർ,

**വിഷയം : പത്തനംതിട്ട മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനംതിട്ട മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസിൽ)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട
3.കാര്യാലയ പ്രതി

നമ്പർ: KSAPTA/ P2/136/24

തീയ്യതി: 19/03/2024

## പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 30-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-11-2022 മുതൽ 31-08-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 64 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 11-12-2023 | 23-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-12-2023 | 23-12-2023 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ എ.എസ്., ഓഡിറ്റ് ഓഫീസർ

ശ്രീ. സജികുമാർ കെ., ഓഡിറ്റ് ഓഫീസർ

ശ്രീ.എം. ഹരികുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ദീപ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സ്മിത റ്റി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അരുൺകുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ആശ എം കുരുവിള, ഓഡിറ്റർ

ശ്രീ.ഹരികുമാർ എസ്, ഓഡിറ്റർ

കുമാരി കാവ്യ കൃഷ്ണൻ ഓഡിറ്റർ

ശ്രീമതി സാജിത സലിം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.റ്റി.സക്കീർ ഹുസൈൻ | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷെർളാ ബീഗം | സെക്രട്ടറി | 01-04-2022 | 14-03-2023 |
| ശ്രീ. സജിത് കുമാർ കെ. | സെക്രട്ടറി | 15-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുധീർരാജ് ജെ.എസ്സ്. | അസി.എക്സി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി അനിതകുമാരി | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.താജപോൾ പനയ്ക്കൽ | സൂപ്രണ്ട്, ജനറൽ ആശുപത്രി, പത്തനംതിട്ട | 01-04-2022 | 29-07-2022 |
| ഡോ. ജെ.ശങ്കർ | സൂപ്രണ്ട്, ജനറൽ ആശുപത്രി, പത്തനംതിട്ട | 30-07-2022 | 19-08-2022 |
| ഡോ.അനിത കെ | സൂപ്രണ്ട്, ജനറൽ ആശുപത്രി, പത്തനംതിട്ട | 20-08-2022 | 31-03-2023 |
| ഡോ. വഹീദ റഹ്മാൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. സുനിൽകുമാർ എ.പി | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 22-05-2022 |
| ഡോ.രാജൻ | സീനിയർ വെറ്ററിനറി സർജൻ | 23-05-2022 | 31-05-2022 |
| ഡോ.സുനിൽ | സീനിയർ വെറ്ററിനറി സർജൻ | 01-06-2022 | 07-02-2023 |

| | | | |
|---|---|---|---|
| ഡോ.മായ | സീനിയർ വെറ്ററിനറി സർജൻ | 08-02-2023 | 31-03-2023 |
| ശ്രീമതി.ജാനിഷ മുഹമ്മദ് | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. രാജേഷ് കുമാർ | പ്രിൻസിപ്പൽ, ഗവ. എച്ച് എസ്.എസ് & വി.എച്ച്.എസ്.എസ്, പത്തനംതിട്ട | 01-04-2022 | 11-09-2022 |
| ശ്രീമതി.ശോഭ ആന്റോ | പ്രിൻസിപ്പൽ, ഗവ. എച്ച് എസ്.എസ് & വി.എച്ച്.എസ്.എസ്, പത്തനംതിട്ട | 12-09-2022 | 31-03-2023 |
| ശ്രീമതി അനിത.ഇ.ബി | പ്രോജക്ട് ഓഫീസർ | 01-04-2022 | 01-09-2022 |
| ശ്രീമതി വനജ ജെ | പ്രോജക്ട് ഓഫീസർ | 02-09-2022 | 31-03-2023 |
| ശ്രീ.നജീം.എസ്.എച്ച് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സിന്ധു വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 29-10-2022 |
| ശ്രീ.ശ്രീകുമാർ ജെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 30-10-2022 | 31-12-2022 |
| ശ്രീമതി രഞ്ജിനി പി.കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2023 | 31-03-2023 |
| ശ്രീ.മുഹമ്മദ് ഫൈസൽ.വൈ | CCM | 01-04-2022 | 13-11-2022 |
| ശ്രീ.വിനോദ് എം.പി | CCM | 14-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ബാങ്ക് അക്കൗണ്ടുകൾക്ക് റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-3 |
| 5 | പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-4 |
| 6 | ഡിസിബി തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാൻഡ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-8 |
| 10 | കുടിശ്ശികത്തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല. | 1-1-10 |
| 12 | ഗ്രാന്റ് തുകകൾ - ACR സൂക്ഷിച്ചിട്ടില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | കുത്തഴിഞ്ഞ ധനമാനേജ്മെന്റ് - നഗരസഭയുടെ സാമ്പത്തികനില അവതാളത്തിൽ | 1-11 |
| 23 | തനത് വിഭവ സമാഹരണം - അവലോകനം | 1-12 |
| 24 | സേവന നികുതി 1.31 കോടി കേന്ദ്രം പിടിച്ചെടുത്തു; നഗരസഭ ഗുരുതര സാമ്പത്തിക പ്രതിസന്ധിയിൽ | 1-13 |
| 25 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-14 |
| 26 | തൊഴിൽനികുതിയിനത്തിൽ 18.75 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-15 |
| 27 | വിനോദനികുതി പിരിവിലെ അപാകതകൾ | 1-16 |
| 28 | റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കുന്നതിൽ വീഴ്ച-438696/-രൂപ വരവ് നഷ്ടം | 1-17 |
| 29 | ലൈസൻസ് ഫീസ് പിരിവ് പൂർണ്ണമല്ല | 1-18 |
| 30 | രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു | 1-19 |
| 31 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല. | 1-20 |
| 32 | വസ്തുനികുതി പിരിവിൽ കാര്യക്ഷമതയില്ല-ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു | 1-21 |
| 33 | സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക 96.33ലക്ഷം രൂപ | 1-22 |
| 34 | വാടക പിരിവ്- അപാകതകൾ | 1-23 |

| | | |
|---|---|---|
| 35 | വാടക കുടിശ്ശികയിനത്തിൽ വൻതുക ഈടാക്കാനവശേഷിക്കുന്നു | 1-23-1 |
| 36 | ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു - വരുമാന നഷ്ടം | 1-23-2 |
| 37 | വാടകക്കാരുമായി ചട്ട പ്രകാരം കരാർ ചമക്കേണ്ടതാണ് | 1-23-3 |
| 38 | ഷോപ്പിംഗ് കോംപ്ലക്സ് - ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല | 1-23-4 |
| 39 | ദിവസ വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളിലെ വാടക പിരിവ് -അപാകതകൾ | 1-24 |
| 40 | നഗരാസൂത്രണ പദ്ധതിയ്ക്ക് വിരുദ്ധമായി വാസഗൃഹ മേഖലയിൽ വ്യവസായിക കെട്ടിടത്തിന് അനുമതി നൽകി | 1-25 |
| 41 | ചെറു പ്ലോട്ടിലെ നിർമ്മാണങ്ങൾക്കുള്ള വ്യവസ്ഥകൾ ചട്ട വിരുദ്ധമായി അനുവദിച്ചു | 1-26 |
| 42 | കെ.എസ്.ആർ.ടി.സി. കെട്ടിട സമുച്ചയത്തിന് നികുതി നിർണ്ണയിച്ചിട്ടില്ല | 1-27 |
| 43 | 6.94 ലക്ഷം രൂപ മൂല്യമുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-28 |
| 44 | ഭൂമി ഏറ്റെടുക്കൽ കേസുകളിലെ വൻ ബാദ്ധ്യത – തുടർ വർഷത്തെ വികസന പ്രവർത്തനങ്ങളെ ബാധിക്കും | 1-29 |
| 45 | റീകോൺക്രീറ്റിംഗിന് അധിക നിരക്ക് അനുവദിച്ച ഇനത്തിൽ 12,915 രൂപയുടെ നഷ്ടം | 1-30 |
| 46 | എസ്റ്റിമേറ്റ്/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വീഴ്ച | 1-31 |
| 47 | കരാർ പ്രകാരം ചെയ്യാത്ത പ്രവൃത്തിക്ക് പ്രതിഫലം നൽകി- 56559 രൂപയുടെ നഷ്ടം | 1-32 |
| 48 | മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം- പിഴ ഈടാക്കിയതിൽ കുറവ് | 1-33 |
| 49 | കോൺഫറൻസ് ഹാളിൽ പ്രൊജക്റ്റർ സ്ഥാപിക്കൽ– ബില്ലിൽ നിന്നും ജി.എസ്.ടി. ഈടാക്കിയില്ല | 1-34 |
| 50 | പ്രിൻസിപ്പൽ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 1-35 |
| 51 | വിവിധ സ്ഥലങ്ങളിൽ സിസി ടിവി ക്യാമറ സ്ഥാപിക്കൽ– പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-36 |
| 52 | സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം കുറച്ചുവെങ്കിലും തുടർ നടപടികളിൽ അമാന്തം | 1-37 |
| 53 | സി.എസ്.ആർ ഫണ്ട് - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-38 |
| 54 | ആർജിത അവധി കണക്കാക്കിയതിൽ അപാകത | 1-39 |
| 55 | വിരമിച്ച റഗുലർ ജീവനക്കാരുടെ പെൻഷൻ വിതരണം തനതുഫണ്ടിൽ നിന്ന് | 1-40 |
| 56 | പ്രളയ ദുരിതാശ്വാസം- ലഭിച്ച 4 ലക്ഷം രൂപ ലാപ്സായി | 1-41 |
| 57 | ജനറൽ കമ്മറ്റിയുടെ മിനിട്സ് എഴുതിയിട്ടില്ല | 1-42 |
| 58 | സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ കൃത്യമല്ല | 1-43 |
| 59 | വാർഡ് സഭകളുടെ പ്രവർത്തനം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് | 1-44 |
| 60 | ഫെസ്റ്റിവൽ അഡ്വാൻസ് - തുക തിരികെ അടച്ചില്ല | 1-45 |
| 61 | ഗ്യാസ് ക്രിമിറ്റോറിയം എഎംസി - കരാറിലെ വ്യവസ്ഥകൾ പാലിച്ചില്ല | 1-46 |
| 62 | ജീവനക്കാർക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് അരക്കോടിയോളം രൂപ | 1-47 |
| 63 | അംഗൻവാടി അടിസ്ഥാന സൗകര്യങ്ങൾ–അവലോകനം | 1-48 |
| 64 | ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി - അവലോകനം | 1-49 |
| 65 | മരുന്ന് ലഭ്യമാക്കുവാൻ അവശേഷിക്കുന്നു | 1-50 |
| 66 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സംവിധാനം കാര്യക്ഷമമല്ല | 1-51 |
| 67 | പി.എം.എ.വൈ (നഗരം) പദ്ധതി-വിശദാംശങ്ങൾ ലഭ്യമല്ല | 1-52 |

| | | |
|---|---|---|
| 68 | പി എം എ വൈ ഭവന നിർമ്മാണ പദ്ധതി -ഭവനനിമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-53 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പരിശീലനത്തിന് അധികതുക ചെലവഴിച്ചു | 3-1 |
| 2 | കരാർ പ്രകാരം ചെയ്യാത്ത പ്രവൃത്തിക്ക് പ്രതിഫലം നൽകി- 56559 രൂപയുടെ നഷ്ടം | 3-2 |
| 3 | റീകോൺക്രീറ്റിംഗിന് അധിക നിരക്ക് അനുവദിച്ച ഇനത്തിൽ 12,915 രൂപയുടെ നഷ്ടം | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. പത്തനംതിട്ട നഗരസഭയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.07.2023 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 27.07.2023 ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷികധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടേയും, സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പത്തനംതിട്ട നഗരസഭയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
പത്തനംതിട്ട

തീയതി-19/03/2024

## 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും (അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ)

വാർഷിക ധനകാര്യ പത്രികയുടെ അനുബന്ധമായി ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ബാങ്ക് അക്കൗണ്ടുകൾക്ക് റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും പ്രതിമാസ റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

### 1-1-4 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

നൽകി മൂന്ന മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

### 1-1-5 ഡിസിബി തുകകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ തുകകളും അതത് രജിസ്റ്ററിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-6 ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ഉദാ: അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ACR.

### 1-1-7 സമയബന്ധിതമായി ഡിമാൻഡ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വിവിധ ഡിമാൻഡ് തുകകൾ വർഷാരംഭത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പുതുതായി ഉണ്ടാകുന്ന അസസ്സ്മെന്റ് തുകകൾ അതത് മാസം ഉൾപ്പെടുത്താതെ വർഷാന്ത്യത്തിൽ ഒറ്റത്തവണയായി ഉൾപ്പെടുത്തി.

### 1-1-8 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ രേഖകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

### 1-1-9 കുടിശ്ശികത്തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

കുടിശ്ശികത്തുകയുടെ കാലപ്പഴക്കത്തിന് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-10 നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല.

ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ്, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-11 ഗ്രാന്റ് തുകകൾ - ACR സൂക്ഷിച്ചിട്ടില്ല.

വിവിധ ഗ്രാന്റ് തുകകളുടെ ACR സൂക്ഷിച്ചിട്ടില്ല. അതിനാൽ ചെലവഴിക്കാനവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ട്രഷറി / ബാങ്ക് അക്കൗണ്ടുകളും തമ്മിലുള്ള നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

## 1-2 ബജറ്റ്

നഗരസഭയുടെ 2022-23 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്, കൗൺസിലിന്റെ 23.03.2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ബജറ്റിന് 16.03.2023ലെ കൗൺസിൽ അംഗീകാരം അംഗീകാരം നൽകി. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവും ഇപ്രകാരമാണ്.

| ഇനം | ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| മുന്നിരിപ്പ് | 6202341 | 75011966.64 | (-)68809625.64 |
| വരവ് | 171102000 | 267885068 | (-)96783068 |
| ആകെ | 177304341 | 342897034.64 | (-)165592693 |
| ചെലവ് | 173731000 | 251438437 | (-)77707437 |
| നീക്കിയിരിപ്പ് | 3573341 | 91458597.64 | (-)87885256.64 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീറ്റ് ആൻഡ് പേയ്മെന്റ് പ്രകാരം | ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 75011966.64 | |
| വരവ് | 267885068 | |
| ആകെ | 342897034.64 | 298675087 |
| ചെലവ് | 251438437 | 264904418 |
| നീക്കിയിരിപ്പ് | 91458597.64 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 35145740 | 35145740 | 33899478 | 1246262 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 21615000 | 21615000 | 14513900 | 7101100 |
| വികസന ഫണ്ട്-റ്റി.എസ്.പി | 0 | 197000 | 197000 | 179612 | 17388 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 8560530 | 13857643 | 22418173 | 14901119 | 7517054 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 3566634 | 8487539 | 12054173 | 11095626 | 958547 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 18569000 | 18569000 | 17190812 | 1378188 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 0 | 14595000 | 14595000 | 11498949 | 3096051 |

**പ്രത്യേക ഗ്രാന്റുകൾ ഇനം തിരിച്ച്**

(1) സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി | 202472 | 10000000 | 10202472 | 10198086.4 | 4385.6 |
| ലൈഫ് മിഷൻ- DP Share | 65171 | 1976 | 67147 | 0 | 67147 |
| Night Shelter | 4288730 | 130115 | 4418845 | 0 | 4418845 |
| EMS ഭവനപദ്ധതി | 409006 | 2045 | 411051 | 0 | 411051 |
| (2) കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| ICDS | 2215045 | 1148379 | 3363424 | 515630 | 2847794 |
| NULM | 0 | 1178549 | 1178549 | 1174125 | 4424 |
| PMAY | 1314493 | 6780000 | 8094493 | 6780000 | 1314493 |
| | 359829 | 2660000 | 3019829 | 2660000 | 359829 |
| UIDSSMT | 1162248 | 32346 | 1194594 | 0 | 1194594 |
| സ്വച്ഛ് ഭാരത് അഭിയാൻ | 7993152 | | 7993152 | | 7993152 |
| പ്രത്യേക ഗ്രാന്റ്/അവാർഡ് | | | | | |
| ശബരിമല | 4850578 | 3000000 | 7850578 | 5111344 | 2739234 |

നികുതി പിരിവിലെ കുറവു മൂലം 358630 രൂപ, പൊതുവിഭാഗം വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽനിന്നും കുറച്ചാണ് ലഭിച്ചിട്ടുള്ളത്.

**ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ**

ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ട് | ഇനം | കുറവു ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 4293334 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം | 1445400 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 333334 |
| വികസന ഫണ്ട്-റ്റി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 26668 |

## 1-5 പദ്ധതി അവലോകനം

**വാർഷികപദ്ധതി -വരവുചെലവുകണക്കുകൾ**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|---|---|
| 341 | 188875622 | 237 | 105432246 | 104 | 69.5 |

**നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും**

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 2 | 2 | 2916251 | 2437188 | 83.57 |
| 2 | വെറ്ററിനറി സർജൻ | 5 | 4 | 1233000 | 834177 | 67.65 |
| 3 | മെഡിക്കൽ ഓഫീസർ-ഗവൺമെന്റ് ഹോസ്പിറ്റൽ | 2 | 2 | 1361184 | 1145618 | 84.16 |
| 4 | പ്രോജക്ട് ഓഫീസർ, ദാരിദ്ര നിർമ്മാജ്ജന സെൽ | 19 | 17 | 38415669 | 22065398 | 57.44 |
| 5 | ഹെൽത്ത് ഓഫീസർ | 12 | 10 | 7593602 | 4853592 | 63.92 |
| 6 | മെഡിക്കൽ ഓഫീസർ - ആയുർവേദം | 1 | 1 | 1000000 | 1000000 | 100 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 12 | 11 | 11490167 | 10656305 | 92.74 |
| 8 | സെക്രട്ടറി | 27 | 10 | 12859366 | 3520951 | 27.38 |
| 9 | മുനിസിപ്പൽ എഞ്ചിനീയർ | 11 | 11 | 12160111 | 9409413 | 77.38 |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | 240 | 159 | 95057872 | 46148821 | 48.55 |
| 11 | പ്രിൻസിപ്പാൾ, ഹയർ സെക്കണ്ടറി സ്കൂൾ | 4 | 4 | 1900000 | 1900000 | 100 |
| 12 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 1198400 | 115900 | 9.67 |
| 13 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1690000 | 1344883 | 79.58 |
| | | | | | | |
| | **ആകെ** | 341 | 237 | 188875622 | 105432246 | 55.82 |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 202472 | 10002428 | 10204900 | 10198086 | 6814 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1593400 | 132 |
| വിധവാപെൻഷൻ | 15941600 | 1285 |
| വാർദ്ധക്യകാലപെൻഷൻ | 38771700 | 3122 |
| ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 4425800 | 349 |

| | | |
|---|---|---|
| 50വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 340600 | 23 |
| തൊഴിൽരഹിത വേതനം | 720 | 01 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.12.2023-ന് 11.45 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9490/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2022-23സാമ്പത്തിക വർഷം നഗരസഭാ യോഗങ്ങളുടെ മിനിട്സ് എഴുതി സൂക്ഷിച്ചിട്ടില്ല. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സകർമ്മ സോഫ്റ്റ്‌വെയർ മുഖേന മിനിട്സ് തയ്യാറാക്കണമെന്ന സർക്കാർ ഉത്തരവും നാളിതുവരെ നടപ്പാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 42, 45 വകുപ്പുകളിൽ നിഷ്കർഷിക്കും പ്രകാരമല്ല നഗരസഭയിലെ വാർഡുസഭകളുടെ പ്രവർത്തനം. മൂന്നു മാസത്തിലൊരിക്കൽ വാർഡു സഭ ചേരണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. വാർഡു സഭാ മിനിട്സ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനം കൃത്യമല്ല. ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർ കൈപ്പററിയിട്ടുള്ള മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3-12-2019 | 2017-18 മുതൽ 2018-19 വരെ | 17-01-2020 |
| പെർഫോമൻസ് ഓഡിറ്റ് | 07.10.2016-13.10.2016 | 8/2016-9/2016 | ലഭിച്ചിട്ടില്ല |

## 1-11 കുത്തഴിഞ്ഞ ധനമാനേജ്മെന്റ് - നഗരസഭയുടെ സാമ്പത്തികനില അവതാളത്തിൽ

2022-23 സാമ്പത്തിക വർഷത്തെ തനത് വരവ് - ചെലവ് കണക്കുകൾ പരിശോധിച്ചതിൽ നഗരസഭയുടെ സാമ്പത്തികനില ഭദ്രമല്ല എന്നു കാണുന്നു. നികുതി/നികുതിയേതര വരവുകൾ, നഗരസഭയുടെ എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റിവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. കണക്കുകൾ പ്രകാരം നഗരസഭയുടെ ധനകമ്മി 81 ലക്ഷം രൂപയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു. (Income & Expenditure Statement പ്രകാരമുള്ളത്).

| ഷെഡ്യൂൾ | തനത് വരുമാനം | തുക | ഷെഡ്യൂൾ | ചെലവ് | തുക |
|---|---|---|---|---|---|
| I-1 | Tax Revenue | 7,07,25,871 | I-10 | Establishment Expenses | *69123509* |
| I-2 | Assigned Revenues & Compensation | 27,102 | | Administrative Expenses | *14578239* |
| I-3 | Rental Income | 1,13,21,267 | | Operations Maintenance | 17512993 |

| | | | | | |
|---|---|---|---|---|---|
| I-4 | Fees User Charges | 8792031 | I-11 | Interest Finance Charges | 17223 |
| I-5 | Sale Hire Charges | 1046154 | I-12 | | |
| I-8 | Interest Earned | 903757 | I-13 | | |
| I-9 | Other Income | 328115 | | | |
| | **ആകെ** | **9,31,44,297** | | | **10,12,31,964** |

**മിച്ച ഫണ്ട് (9,31,44,297 – 10,12,31,964) : –(80,87,667)**

സാമ്പത്തിക വർഷം പൊതുആവശ്യ ഗ്രാന്റായി **1,85,18,000** രൂപയാണ് ലഭിച്ചിട്ടുള്ളത്. പൊതുആവശ്യ ഗ്രാന്റ് ലഭിയ്ക്കുന്നതുകൊണ്ട് മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, വൈദ്യുതചാർജ്, വെള്ളക്കരം എന്നിവ മുടക്കം കൂടാതെ നല്കുവാൻ കഴിയുന്നത്. വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കാത്ത അനവധി ബാദ്ധ്യതകളും നഗരസഭയ്ക്കുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

**1. ഭൂമി ഏറ്റെടുക്കൽ കേസുകൾ – നഗരസഭയക്ക് വൻ ബാദ്ധ്യത**

വിവിധ ഭൂമി ഏറ്റെടുക്കൽ കേസുകളിലായി കോടതി ഉത്തരവ് പ്രകാരം പത്തനംതിട്ട നഗരസഭ അടവാക്കേണ്ട തുക സംബന്ധിച്ചുള്ള വിവരം (ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 52 തീയതി 22.12.2023) പ്രകാരം ലഭ്യമായത്) ചുവടെ ചേർക്കുന്നു.

| ക്രമ നം. | കേസ് നം. | ഒടുക്കുവാനുള്ള തുക |
|---|---|---|
| 1. | EP25/10 (LAR 52/89) | 80,11,097 |
| 2. | EP24/10 (LAR 69/89) | 10,85,208 |
| 3. | EP62/03 (LAR 80/89) | 12,39,953 |
| 4. | EP22/19 (LAR 4/99) | 2,72,30,627 |
| 5. | EP15/18 (LAR 4/14) | 4,49,250 |
| | | ₹ 3,80,16,135 |

നഗര സഭയുടെ സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന വിധി വന്നിട്ടുള്ള കേസുകൾ കൂടാതെ നിരവധി ഭൂമി ഏറ്റെടുക്കൽ കേസുകൾ കൂടി കോടതിയുടെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**2. സർവ്വീസ് ടാക്സ് ഇനത്തിനുള്ള ബാദ്ധ്യത; നഗരസഭ അടവാക്കേണ്ടത് 1.98 കോടി രൂപ**

വർഷങ്ങളായി അടയ്ക്കാതിരുന്ന സേവന നികുതി കേന്ദ്രം ഒന്നായി പിടിച്ചെടുത്തു. റവന്യൂ റിക്കവറി നോട്ടീസ് പ്രകാരം മൊത്തം അടവാക്കേണ്ടത് 1,98,65,617 രൂപയാണ്. നഗരസഭ പരിപാലിക്കുന്ന 4 അക്കൗണ്ടുകളിൽ നിന്നുമായി 1,30,64,178 രൂപ പിടിച്ചെടുത്തിട്ടുണ്ട്. ബാക്കി തുക 68,01,439 രൂപ താമസംവിനാ അടവാക്കേണ്ടതുണ്ട്. ഇത് നഗരസഭയെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരിക്കുന്നു. സാധാരണക്കാരുടെ ഭവന പദ്ധതിയുൾപ്പെടെ പൂർത്തീകരിക്കുവാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് നഗരസഭയുടെ ധനമാനേജ്മെന്റിലെ പാളിച്ച എത്തിയിരിക്കുന്നു. ഇതു സംബന്ധിച്ച വിശദ വിവരം ഖണ്ഡിക 1-13-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ആയതിനാൽ നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും ശ്രദ്ധകാണിക്കേണ്ടതാണ്. എന്നാൽ ഈ വിഷയങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഗൗരവപൂർവ്വം ചർച്ച ചെയ്യുകയോ നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. നിലവിലും നഗരസഭയിൽ ടാക്സ് അസസ്സ് ചെയ്യാത്ത കെട്ടിടങ്ങളുണ്ടെന്ന് അന്വേഷണത്തിൽ അറിയുവാൻ സാധിച്ചു. അതുപോലെതന്നെ സ്ട്രീറ്റ് ലൈറ്റ്, പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി നിവാരണം ചെയ്യുന്നതിനും, ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജനപ്പെടുത്തി പരമാവധി വിഭവം

സാധ്യമായ മാർഗ്ഗങ്ങളിൽനിന്നെല്ലാം സ്വരൂപിക്കുന്നതിനും നഗരസഭയുടെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-12 തനത് വിഭവ സമാഹരണം - അവലോകനം

**വസ്തു നികുതി**

നഗരസഭയുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാണ് വസ്തുനികുതി. എന്നാൽ ഈയിനത്തിലുള്ള വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ യാതൊരു നടപടികളും നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടാവുന്നില്ല. ആകെ ഡിമാന്റ് തുകയുടെ 40.58% മാത്രമാണ് 2022-23-ൽ പിരിച്ചെടുത്തിട്ടുള്ളത്. കുടിശ്ശികയിനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 59687265 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

ഓഡിറ്റ് വർഷത്തെ വസ്തുനികുതി പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ശതമാനം |
|---|---|---|---|---|
| വസ്തുനികുതി | 100448059 | 40760794 | 59687265 | 40.58 |

**1. വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല.**

നികുതി പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായി അവലോകനം നടത്തേണ്ടതും, ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. കുടിശ്ശിക അടയ്ക്കാൻ തയ്യാറാകാത്തവർക്കെതിരെ റവന്യൂ റിക്കവറി, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക പിരിച്ചെടുക്കേണ്ടതാണ്.

**2. വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല**

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ മൂന്ന് പ്രക്രിയകളാണുള്ളത്. ആയത് പ്രകാരം മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ആയതിലേക്കായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിയ്ക്കുമായി ആളെ നിയോഗിച്ച് പരിശോധനകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം നഗരസഭ പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.26/2023/തസ്വഭവ (എസ്.ആർ.ഒ. നം.480/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി

വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 01.04.2023 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചത് 10.10.2023-ലെ 1-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി യോഗം പ്രാഥമികമായി നിശ്ചയിച്ച് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ചില വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്ക് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പരിധിക്കുള്ളിലല്ല അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടങ്ങളുടെ വിവരണം | സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്ക് | സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏറ്റവും കൂടിയ നിരക്ക് | നഗരസഭ നിശ്ചയിച്ചിട്ടുള്ള നിരക്ക് |
|---|---|---|---|
| MSME Act 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ- Medium Sector | 25 | 30 | 23 |
| ആശുപത്രി | 25 | 35 | 15 |
| ഗോഡൗൺ ഉൾപ്പെടെയുള്ള സ്റ്റോറേജ് കെട്ടിടങ്ങൾ- 500ച.മീറ്ററിന് മുകളിലുള്ളവ | 80 | 100 | 75 |
| സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ- ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/ വാണിജ്യ സ്വഭാവത്തോട് കൂടിയവ | 30 | 50 | 51 |

വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയുടെ ഭൂപ്രദേശത്തെ മേഖലകളായി തരംതിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിട്ടില്ല. വിവിധ പ്രദേശങ്ങൾ, റോഡുകൾ എന്നിവയ്ക്കുണ്ടായ വികസനങ്ങൾ പരിഗണിച്ച് മേഖലകളായി തിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

**തൊഴിൽനികുതി**

തൊഴിൽനികുതിയിനത്തിൽ 18.75 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വാർഷികാന്ത്യത്തിൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രൊഫഷണലുകളുടെ പട്ടിക സ്ഥാപനം തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടുണ്ട്. നികുതി പത്രികകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് നികുതി സ്വീകരിച്ചിട്ടുള്ളത്.

**വിനോദനികുതി**

നഗരസഭ പരിധിയിലുള്ള തിയേറ്ററുകളിൽ നിന്നുള്ള വിനോദനികുതി പിരിവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. ജി.എസ്.ടി റിട്ടേണിന്റെ പകർപ്പ് ലഭ്യമാക്കാത്തതിനാൽ ഈടാക്കിയ നികുതിയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

**ലൈസൻസ് ഫീസ്**

മൂലധനനിക്ഷേപം കൃത്യമായി എല്ലാ അപേക്ഷ ഫോമുകളിലും രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. പൂർണ്ണമല്ലാത്ത/അപാകതയുള്ള അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

വാർഡ് തിരിച്ചുള്ള ലൈസൻസ് ഫീസ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്.

**1-13 സേവന നികുതി 1.31 കോടി കേന്ദ്രം പിടിച്ചെടുത്തു; നഗരസഭ ഗുരുതര സാമ്പത്തിക പ്രതിസന്ധിയിൽ**

മുൻവർഷങ്ങളിലെ സേവന നികുതി ഇനത്തിൽ നഗരസഭയ്ക്ക് കോടികളുടെ ബാദ്ധ്യത. സേവന നികുതി ഒടുക്കുന്നതിനുള്ള നിരന്തര നിർദ്ദേശം സെൻട്രൽ എക്സൈസ് കമ്മീഷണറേറ്റിൽ നിന്നും ലഭിച്ചുവെങ്കിലും അത് തുണവൽക്കരിച്ച കാലാകാലങ്ങളിലെ കൗൺസിലും ഉദ്യോഗസ്ഥരും വരുത്തിവച്ചത് പലിശയും പിഴപലിശയും ഉൾപ്പെടെ 1,98,65,617 രൂപയുടെ ബാദ്ധ്യത. ഇതുമൂലം നഗരസഭയിൽ PMAY ഭവന പദ്ധതി ഉൾപ്പെടെയുള്ള ജനക്ഷേമപ്രവർത്തനങ്ങൾ അവതാളത്തിലായി. വിശദാംശം ചുവടെ ചേർക്കുന്നു.

സേവന നികുതിയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ 1994 ജൂലൈ 1 മുതൽ ഇന്ത്യയിൽ പ്രാബല്യത്തിൽ വന്നു. ധനകാര്യ നിയമം 1994-ന്റെ അഞ്ചാം അധ്യായ പ്രകാരം ജമ്മു കശ്മീർ സംസ്ഥാനം ഒഴികെ ഇന്ത്യ മുഴുവൻ ഇത് പ്രാബല്യത്തിൽ വന്നിരുന്നു. സേവനദാതാവ് പിരിക്കുന്ന നികുതിയുടെ നിശ്ചിത ശതമാനം (കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ)സർവ്വീസ് ടാക്സ് ഇനത്തിൽ അടക്കണം. 2007 മേയിൽ ഭാരതസർക്കാർ ഇറക്കിയ വിജ്ഞാപനം(**Circular F. No. B1/16/2007-TRU** Dated 22nd May, 2007) വഴി സ്ഥാവര വസ്തുക്കൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് അല്ലെങ്കിൽ വ്യാപാരമോ വാണിജ്യമോ നടത്തുന്നതിലേയ്ക്ക് വാടകയ്ക്ക് ഉപയോഗിക്കുന്ന സേവനത്തിന് 2007 ജൂൺ 01 മുതൽ സേവനനികുതി ചുമത്തണമെന്ന് നിർദ്ദേശം വന്നു. നിശ്ചിത സമയത്തിനുള്ളിൽ സേവന നികുതി നൽകിയില്ലെങ്കിൽ തുക അടയ്ക്കുന്ന തീയതി വരെ പലിശയും അതിന്മേൽ പിഴപ്പലിശയും അടയ്ക്കേണ്ടതാണെന്ന് 1994-ലെ ധനകാര്യ നിയമം 75-ൽ പരാമർശിക്കുന്നുണ്ട്. ഇത് ചുവടെ ചേർക്കും പ്രകാരമാണ്.

| വിജ്ഞാപനം | പലിശ നിരക്ക് |
|---|---|
| 14/2011-ST Dt.01-03-2011 | 15% |
| 12/2014-ST Dt. 11-07-2014 | 15% (6 മാസം വരെയുള്ള കാലതാമസത്തിന്)<br>21% (6 മുതൽ 12 മാസം വരെ കാലതാമസത്തിന് )<br>27%(ഒരു വർഷത്തിന് ശേഷമുള്ള കാലയളവിനുള്ള നികുതി അടയ്ക്കുന്നതിൽ കാലതാമസത്തിന് ) |
| 13/2016-ST Dt. 01.03.2016 | 12% (01-10-2014 മുതൽ 13.05.2016 വരെയുള്ള കാലയളവിലെ കാലതാമസത്തിന്) |

നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സ് വാടകക്കാരിൽ നിന്നും നഗരസഭ വാടക പിരിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ നിശ്ചയിച്ച നിരക്കിൽ സേവന നികുതി ഈടാക്കിയിരുന്നില്ല. നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സ്, ആഡിറ്റോറിയം എന്നിവയിൽ നിന്നും 2007-08 മുതൽ സേവന നികുതി ഈടാക്കി അടയ്ക്കണമെന്ന് സെൻട്രൽ എക്സൈസ് കമ്മീഷണറേറ്റിൽ നിന്നും 04.03.2009-ൽ നിർദ്ദേശിച്ചിരുന്നു. നിർദ്ദേശം നഗരസഭ നടപ്പാക്കിയില്ല. നഗരസഭ സെക്രട്ടറിയുടെ പേരിൽ PAN നമ്പർ ലഭിക്കുവാനുള്ള കാലതാമസം മൂലം ടാക്സ് റെജിസ്ട്രേഷൻ വൈകിപ്പോയതിനാലുമാണ് യഥാസമയം സേവന നികുതി ഒടുക്കുവാൻ സാധിക്കാതെ വന്നതെന്നാണ് നഗരസഭയുടെ വിശദീകരണം. എന്നാൽ ഇത് വസ്തുതാപരമല്ല. കാരണം സേവന നികുതി കേന്ദ്ര സർക്കാരിൽ ഒടുക്കുന്നതിന് മാത്രമാണ് രജിസ്ട്രേഷനും പാനും വേണ്ടത്. വാടകക്കാരിൽ നിന്ന് സേവന നികുതി പിരിക്കുന്നതിന് ഇത് രണ്ടും ആവശ്യമില്ല. കേന്ദ്ര നിയമത്തിലെ വ്യവസ്ഥ ഉപയോഗിച്ച് നഗരസഭക്ക് സേവന

നികുതി പിരിക്കാമായിരുന്നു. അതിൽ നഗരസഭ വീഴ്ചവരുത്തി. മാത്രമല്ല 2007-08 മുതൽ പിരിക്കുവാൻ കേന്ദ്ര എക്സൈസ് വകുപ്പ് ആവശ്യപ്പെട്ടത് അവഗണിച്ച് 2013-14 (2013 ഏപ്രിൽ 1) മുതലാണ് നഗരസഭ സേവന നികുതി ഈടാക്കി തുടങ്ങിയത്. അതിനാൽ 2007-08 മുതൽ 2012-13 വരെ 6 സാമ്പത്തിക വർഷങ്ങളിലെ സേവന നികുതി നഗരസഭയുടെ ബാധ്യതയായി. ഇതിന്റെ കണക്ക് നഗരസഭ സൂക്ഷിച്ചിട്ടില്ല.

കാലാകാലങ്ങളിൽ അറിയിപ്പ് നൽകിയിട്ടും സേവന നികുതി ഒടുക്കുവരുത്താത്തതിനെ തുടർന്ന് സെൻട്രൽ എക്സൈസ് കമ്മീഷണറേറ്റിൽ നിന്നും 12.10.2011-ലും (നം. 130.2012-ST(ADC)) 30.10.2013-ലും ( നം. 111/2013-ST(ADC)) നഗരസഭയ്ക്ക് ഷോകോസ് നോട്ടീസ് നൽകുകയുണ്ടായി. തുടർന്ന് വാടകക്കാരിൽ നിന്നും മുൻകാല പ്രാബല്യത്തോടെ സേവന നികുതി ഈടാക്കുന്നതിന് കൗൺസിൽ തീരുമാനം എടുത്തു. എന്നാൽ വാടകക്കാരുമായി നിയമാനുസൃത കരാർ വെക്കാഞ്ഞതിനാൽ ആ നീക്കവും പാളി. വാടകക്കാരിൽ നിന്നും സേവന നികുതി പിരിച്ചെടുക്കുന്നതിന് നഗരസഭ പരാജയപ്പെട്ടതിനാൽ സേവന നികുതിയും പലിശയും പിഴപ്പലിശയും അടയ്ക്കേണ്ട അധിക ബാദ്ധ്യത നഗരസഭയിൽ നിക്ഷിപ്തമായി.

31.07.2023 വരെ സേവന നികുതി പലിശ പിഴപലിശ എന്നീ ഇനത്തിൽ നഗരസഭ അടവാക്കേണ്ട തുക സംബന്ധിച്ച് സെൻട്രൽ എക്സൈസ് കാര്യാലയത്തിൽ നിന്നും കണക്കാക്കിയത് ഇപ്രകാരമാണ്.

| Service Tax | Interest As Per (12/2017-18(ST) Dt. 23.02.2018) | Penality Under Section 77 | Penality Under Section 78 | Interet (Upto 31.05.2023) | Total |
|---|---|---|---|---|---|
| 62,17,123 | 45,933 | 1000 | 3,95,565 | 1,32,05,936 | ₹ 1,98,65,617 |

കേന്ദ്ര റവന്യൂ വകുപ്പിന്റെ പത്തനംതിട്ട ഡിവിഷനിലുള്ള സെൻട്രൽ ജി.എസ്.ടി, & സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള 23.08.2023-ലെ റവന്യൂ റിക്കവറി നോട്ടീസ് 16/23 പ്രകാരം സർവ്വീസ് ടാക്സ് ഇനത്തിൽ കേന്ദ്ര സർക്കാരിലേയ്ക്ക് അടവാക്കേണ്ടിയിരുന്ന നികുതി 87(b) Of Finance Act 1994 പ്രകാരം മുനിസിപ്പാലിറ്റി പരിപാലിക്കുന്ന 4 വിവിധ അക്കൗണ്ടുകളിൽ നിന്നുമായി 1,30,64,178 രൂപ 25.08.2023-ൽ പിടിച്ചെടുത്തിട്ടുണ്ട്(ആക്സിസ് ബാങ്ക്, പത്തനംതിട്ട ബ്രാഞ്ച്). തുക പിടിച്ചെടുത്ത അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ട് നം. | തുക | അക്കൗണ്ട് ഉടമ |
|---|---|---|---|
| 1. | 916010014503039 | 67,649 | മുനിസിപ്പൽ സെക്രട്ടറി,<br>പത്തനംതിട്ട- സ്വച്ഛ് ഭാരത് മിഷൻ സ്കീം |
| 2. | 916010028315215 | 16,12,440 | മുനിസിപ്പൽ സെക്രട്ടറി,<br>പത്തനംതിട്ട – ശബരിമല ഫണ്ട് |
| 3. | 916010060597280 | 8,926 | ഹെൽത്ത് സൂപ്പർവൈസർ,<br>പത്തനംതിട്ട – സ്വച്ഛ് ഭാരത് മിഷൻ സ്കീം |
| 4. | 918010019861237 | 1,13,75,163 | മുനിസിപ്പൽ സെക്രട്ടറി,<br>പത്തനംതിട്ട - PMAY |
| | ആകെ | ₹ 1,30,64,178 | |

നഗരസഭ 2007-08 മുതൽ 2012-13 വരെ അടവാക്കേണ്ട തുകയും അതിന്മേൽ വരുന്ന പലിശയും പിഴപലിശയും ഒരു ടാക്സ് കൺസൾട്ടിന്റെ സഹായത്തോടെ കണക്കാക്കി മേൽ പട്ടികയിലെ തുകയുമായി വേരിഫിക്കേഷൻ

നടത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ(ഫയൽ നം.R4/3227/09 ), സെൻട്രൽ എക്സൈസ് റേഞ്ച്-II-സൂപ്രണ്ടിന് നഗരസഭ നൽകിയിട്ടുള്ള 18.06.2015-ലെ R2-3227/2009-ാം നമ്പർ കത്തിൽ 2007-08 മുതൽ 2012-13 വരെ 386915 രൂപയും 2014 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 170442 രൂപയും സേവന നികുതി കുടിശിക നഗരസഭ ഒടുക്കിയിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇത് അടവാക്കിയ ചെക്ക് /ഡിഡി നം. & തീയതി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ നഗരസഭക്ക് ലഭിച്ച റവന്യൂ റിക്കവറി നോട്ടീസിൽ ആകെ അടക്കേണ്ടത് 1,98,65,617 രൂപയാണ്. സൂപ്രണ്ടിനു നൽകിയ കത്തിൽ പറയുന്ന കുടിശിക കുറച്ചുള്ള തുകയാണോ ഇതെന്ന് വ്യക്തമല്ല. നഗരസഭ പരിപാലിക്കുന്ന 4 അക്കൗണ്ടുകളിൽ നിന്നുമായി 1,30,64,178 രൂപ പിടിച്ചെടുത്തിട്ടുണ്ട്. ബാക്കി തുക 68,01,439രൂപ ഗഡുക്കളായി അടവാക്കുന്നതിലേയ്ക്ക് സാവകാശം ആവശ്യപ്പെട്ടുകൊണ്ട് നഗരസഭ റിട്ട് ഹർജി (നം. 39704/2023)ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഇനത്തിൽ അടവാക്കിയ 3,86,915 രൂപ (2007-08 മുതൽ 2012-13 ) 1,70,442 രൂപ (2014 ഏപ്രിൽ മുതൽ സെപ്റ്റംബർ) അടവാക്കിയത് കുറച്ചിട്ടുള്ള തുകയോണോ റവന്യൂ റിക്കവറി നോട്ടീസ് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നതെന്ന് പരിശോധിക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്തിട്ടില്ല. വിഷയവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് നിവാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.65 തീയതി 31.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

